**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1083 — 30.09.2016-ൽ മറുപടിയ്ക്ക്

**<u>പഞ്ചായത്തു സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ</u>**

**<u>ചോദ്യം</u>** — **<u>ഉത്തരം</u>**

**ശ്രീ. കെ. രാജൻ** — **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്ന എത്ര ഗ്രാമപഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 178 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014-ലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള 13785-13786/16 എസ്.എൽ.പി.കളിൽ 13.05.2016 തീയതിയിലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പ്രസ്തുത എസ്.എൽ.പി.കളിലെ അന്തിമവിധിക്ക് വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**